## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

**സംഗ്രഹം**

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- വിവിധ ഇനങ്ങളുടെ കുത്തക വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്ന സംഗതി

---

നടപടി ഉത്തരവ് നമ്പർ. Roc.6/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിൽ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നടത്തുന്ന വിവിധ ഇനം കുത്തകകൾ നൽകുന്നതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതിലേയ്ക്കായി താഴെപറയും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

**ഉത്തരവ്**

1. ശബരിമല മഹോത്സവത്തോടനുബന്ധിച്ച് വരും വർഷങ്ങളിൽ കടകളും സ്റ്റാളുകളും ലേലം ചെയ്യുന്നതിന് മുൻപ് അതിർത്തി സംബന്ധിച്ച് വനം വകുപ്പുമായുള്ള തർക്കം ഒഴിവാക്കി ദേവസ്വം വസ്തുവിന്റെ അതിർത്തി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും, ഭൂസംരക്ഷണ വിഭാഗം സെപ്ഷ്യൽ തഹസീൽദാരെയും, എക്സിക്യൂട്ടീവ് ഓഫീസറെയും, എക്സിക്യൂട്ടീവ് എൻജിനീയർ, പമ്പ-യെയും ചുമതലപ്പെടുത്തി. മുൻകൂട്ടി സ്കെച്ചും പ്ലാനും തയ്യാറാക്കി വനം വകുപ്പിന് നൽകുന്നതിനും പമ്പ എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതല-പ്പെടുത്തി. തുടർന്ന് ആവശ്യമായി വരുന്ന പക്ഷം ബഹു.ഹൈക്കോ-തിയുടെ അനുമതി ലഭ്യമാക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതല-പ്പെടുത്തി.
2. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിരോധിച്ചിട്ടുള്ളതിനാൽ ആയത് ഒഴിവാക്കി ഏതെല്ലാം സാധനങ്ങൾ വിൽപ്പന നടത്താമെന്ന് വിലയിരുത്തി, വ്യക്തത വരുത്തി ലേലനിബന്ധകൾ പരിഷ്ക്കരിക്കുന്നതിന് ദേവസ്വം കമ്മീഷണ-റെയും, എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി.
3. വിവിധതരം പാനീയങ്ങൾ കടകളിൽ വിതരണം നടത്തുന്നതിന് വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്, വ്യവസ്ഥ ചെയ്യുന്നതിനും എല്ലാ ഐറ്റ-ങ്ങളുടെയും വിലവിവരം ഉൾപ്പെടുത്തി ലേലവ്യവസ്ഥ പ്രസിദ്ധീകരിക്കുന്ന-തിനും ദേവസ്വം കമ്മീഷണറെയും, എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി .
4. കുത്തക ഇനങ്ങൾക്ക് സ്ഥിരം ക്രമനമ്പരുകൾ നൽകി സ്ഥിരം കുത്തക രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസുകളിൽ പരിപാലിക്കേണ്ടതാണ്.
5. ഇ-ടെന്റർ ഓപ്പൺ ചെയ്യുന്ന ദിവസം പ്രസ്തുത സ്ഥലത്ത് ടെന്ററുകാരോ, അവരുടെ പ്രതിനിധികളോ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും, കുത്തകകളുടെ മിനിമം ക്വാട്ട് ചെയ്യേണ്ട തുകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന കുത്തകക്കാരൻ കുത്തകതുകയുടെ 50% അന്നേദിവസം തന്നെ ഒടുക്കു വരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ലേല വ്യവസ്ഥ ഭേദഗതി വരുത്തുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതല -പ്പെടുത്തി .

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി